പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 100. | 21/03/2013 -ൽ മറുപടിക്ക്

## ആധാരപകർപ്പുകളുടെ ഡിജിറ്റൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരപകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിക്ക്, 2011-12 സാമ്പത്തിക വർഷം, കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികൊണ്ടുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ; | ബി) ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കുകയാണെങ്കിൽ, വാല്യങ്ങൾ ഏതെങ്കിലും കാരണത്താൽ നശിച്ചുപോയാലും, ബന്ധപ്പെട്ട കക്ഷികൾക്ക്, ആവശ്യമായ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത രേഖകൾ മുഖേന നൽകുവാൻ കഴിയും. കൂടാതെ, രജിസ്ട്രേഷൻ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വ്യാപിപ്പിക്കുകയും, ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക്, ആധാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ഏതു സ്ഥലത്തുനിന്നും ലഭ്യമാകുന്ന അവസ്ഥ സംസ്ഥാനത്ത് നിലവിൽ വരും.<br><br>ആധാര രജിസ്ട്രേഷനുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിക്കേണ്ട പ്രമാണങ്ങളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് വരുന്നു. എന്നാൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ പ്രസ്തുത രേഖകൾ |

| | |
|---|---|
| | സൂക്ഷിക്കുന്നതിന് പരിമിതമായ സ്ഥലസൗകര്യമാണ് ഇപ്പോഴുള്ളത്. ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുവാൻ കഴിഞ്ഞാൽ ഈ പ്രശ്നം ഒഴിവാക്കുവാൻ സാധിക്കും. |
| സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയിൽ സഹകരിക്കുന്നത്; | സി) സി-ഡിറ്റ് എന്ന സർക്കാർ സ്ഥാപനം. |
| ഡി) പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട് ; | ഡി) കൊട്ടാരക്കര സബ് രജിസ്ട്രാർ ഓഫീസിൽ, ആധാരങ്ങളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട സ്കാനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന്, തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം, പട്ടം, നേമം, ചാല, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡിജിറ്റൈസേഷൻ വർക്ക് ആരംഭിച്ചിട്ടുണ്ട്. |
| ഇ) ഈ പദ്ധതി എല്ലായിടത്തും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.